ബോൾ അവിടെ നില്ക്കുന്നവരെല്ലാവരും ഉണ്ടായി എന്നു വരുകയില്ല. പ്രൊസഷനിൽ കൂടി ഉണ്ടാകുന്നവർതന്നെ അവിടവിടെയായി കുറേശ്ശെ പിരിഞ്ഞുപോയി എന്നുവരും. ഒടുവിൽ അങ്ങോട്ട പോകാൻ ഉദ്ദേശിച്ചതു ആളുകൾ മാത്രമായിതീരും. അതുകൊണ്ടാണ് ആളുകൾ കുറയുന്നതു".

PAY REVISION COMMITTEE—PARTICULARS REGARDING

47. Mr. P. A. Mohamed Ashrof *(Cranganur):* Will Government be pleased to state.—

(*a*) the number and designation of officers whose pay have been revised other than on the recommendation of the Pay Revision Committee in the years 1120, 1121 and 1122;

(*b*) the original and revised scales of pay of each category of officers whose pay have been so revised;

(*c*) what are the reasons which induced the Government to revise their pay;

(*d*) when was the Pay Revision Committee appointed;

(*e*) whether the pay of any of the officers has been revised after the constitution of the Committee;

(*f*) if the answer to (*e*) is in the affirmative whether the Committee has been consulted before the revision of their pay?

Mr. P. Govinda Menon *(Prime Minister):*

(*a*), (*b*) and (*c*) (Please see Appendix I.)

(*d*) 27th July 1946.

(*e*) Yes.

(*f*) No.

മിസ്റ്റർ പി. കെ. ഡീവർ: ഫിഷറീസ് ഡിപ്പാർട്ട്മെന്റിലുള്ള ആളുകളുടെ ശമ്പളം കൂട്ടിയതിന്റെ തുകയാണോ, അതോ തസ്തിക കൂട്ടിയതിന്റെ തുകയാണോ ഇതു വലിയ സംഖ്യ കാണുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പുതിയ തസ്തിക ഉണ്ടാക്കിയതുംകൂടി ലിസ്റ്റിൽ കൊള്ളിച്ചിട്ടുണ്ടു".

മിസ്റ്റർ പി. കെ. ഡീവർ: മൃസിയം സൂപ്രണ്ടിന്റെ ശമ്പളം വ്യ ൦ രൂപയിൽനിന്നു ൧൦൦ രൂപയാക്കിയതു" എന്നാണു"? ൧൦൦ — ൧൫൦ എന്നുള്ളതു" പിന്നീടു വർദ്ധിപ്പിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു വേണം.

മിസ്റ്റർ എം. കെ. രാജ: ഇ. എന്ന ഉപവകുപ്പിനു" yes എന്ന ഉത്തരം പറഞ്ഞിട്ടുണ്ടു". കമ്മിറ്റി യെനിശ്ചയിച്ചശേഷം, എന്തടിയന്തിരമായ പരിഗണനകളാണു" ഈ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം പുനഃപരിശോധന ചെയ്യാൻ ഗവർമ്മെണ്ടിനെ പ്രേരിപ്പിച്ചതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അപൂർവ്വം ചില കേസുകളിൽ റിവൈസ്സുചെയ്തിട്ടുണ്ടു". കാരണം വളരെ മുമ്പുതന്നെ നിശ്ചയിച്ചിരുന്നതും, വളരെ അത്യാവശ്യമായതുകൊണ്ടുമാണു" അങ്ങിനെ ചെയ്തതു".

മിസ്റ്റർ എം. കെ. രാജ: എഫ് എന്ന ഉപവകുപ്പിനു" നൽകിയ No എന്ന ഉത്തരത്തിന്റെ വെളിച്ചത്തിൽ കമ്മിറ്റി നിലവിലിരിക്കുമ്പോൾ അവരോടാലോചിക്കാൻ എന്തായിരുന്നു വിരോധം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നിയില്ല. കമ്മിറ്റിയെ ജനറലായി എല്ലാ ഉദ്യോഗങ്ങളുടേയും ശമ്പളം റിവൈസ്സുചെയ്യാൻ വെച്ചതാണു". അതിനെപ്പറ്റി നിർദ്ദേശിച്ചാൽ തീരുമാനമെടുക്കേണ്ടതു ഗവർമ്മെണ്ടാണു". ഗവർമ്മെണ്ടിനെ അഡ്വൈസുചെയ്യാനാണു" കമ്മിറ്റിയെ വെച്ചിട്ടുള്ളതു". ഗവർമ്മെണ്ടിനുതന്നെ ബോദ്ധ്യംവന്നിട്ടുള്ള കാര്യങ്ങൾ കമ്മിറ്റിയോടാലോചിക്കണമെന്നില്ല. ഗവർമ്മെണ്ടിലെ ചില ഉദ്യോഗസ്ഥന്മാർതന്നെയാണു" ആ കമ്മിറ്റിയിലുള്ളതു".

മിസ്റ്റർ എം. കെ. രാജ: ശമ്പളപരിഷ്കരണകമ്മിറ്റി ഒരു ഉപദേശകകമ്മിറ്റിയാണെങ്കിൽ പറഞ്ഞുവല്ലൊ. മറ്റുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലും ഈ നയം സ്വീകരിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: No എന്ന മറുപടി പറഞ്ഞതു" ടെക്നിക്കലായിട്ടു കമ്മറ്റിയോടാലോചിച്ചിട്ടില്ലായെന്നുള്ളതുകൊണ്ടാണു". ഗവർമ്മെണ്ടു" ഉദ്യോഗസ്ഥന്മാരാണു" കമ്മറ്റിയിലെ അംഗങ്ങൾ. ഉദാഹരണമായി ചീഫ് സിക്രട്ടറി അതിലെ മെമ്പറാണു" അദ്ദേഹമാണു" ഇതു ചെയ്തിട്ടുള്ളതു".

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ശങ്കരമേനോൻ: റിവിഷൻ കായ്യം നോൺ ഒഫീഷ്യൽ കമ്മിറ്റിയുടെ ആലോചനയിൽ ഇരിക്കുമ്പോൾ ഗവമ്മെണ്ടു് ശമ്പളം കൂട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു വേണം.

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ കായ്യത്തിൽ നോൺ ഒഫീഷ്യൽസു് ആക്ഷേപിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു വേണം.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: പെയ്റിവിഷൻ കമ്മിറ്റിയുടെ പ്രൊപ്പോസൽ കണ്ടതിനുശേഷം ഗവമ്മെണ്ടു് കോ-ഓപ്പറേറ്റീവു് ഇൻസ്പെക്ടർമാക്കു തീരുമാനിച്ച ശമ്പളം എന്താണു്? The reasons shown in the appendix is increased activities of Societies and Consequent increase of work.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: Standardisation ന ം — ൭൫, വ ം — ൧൨൫, ഇങ്ങിനെ രണ്ടു ഗ്രേഡാണു്.

മിസ്റ്റർ പി. എ. മുഹമ്മതു് അഷ്റഫ്: കോ-ഓപ്പറേറ്റീവു് ഇൻസ്പെക്ടർമാരുടെ ഇതിനുമുമ്പിലത്തെ ശമ്പളം ര ം—൩൦ ആയിരുന്നതു് ന ം — ൭൫ ആക്കിയപ്പോൾ പുതിയ സ്കെയിൽ പ്രകാരം starting ൧൦ രൂപ കുറയുകയല്ലേ ചെയ്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്റ്റാർട്ടിങ്ങു് ൧൦ രൂപ കുറച്ചാണു വെച്ചിരിക്കുന്നതെങ്കിലും, ഇപ്പോൾ ശമ്പളം വാങ്ങുന്നവക്കു കുറയുകയില്ല. മാക്സിമം കൂട്ടുകയും ചെയ്തിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: അപ്പൻറിക്സിൽ പറയുന്ന ആളുകളെ പെയ് റിവിഷൻ കമ്മിറ്റിയുടെ പ്രൊപ്പോസ്സൽ വരുന്നതിനുമുമ്പു് റിപ്രെസ്സന്റുചെയ്തവരുടെകായ്യം ആലോചിച്ചിട്ടുണ്ടു എന്ന പെയ് റിവിഷൻ കമ്മിറ്റിയെ അറിയിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു വേണം.

Mr. P. A. Mohamed Ashrof (*Cranganore*): What about the Non-official Committee? Sir;

No Answer

മിസ്റ്റർ പി. നാരായണമേനോൻ: ഈ വിവരം അവരെ അറിയിച്ചിട്ടുണ്ടോ എന്നാണു ചോദിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഇതു് ഒരു ടെക്നിക്കൽ കമ്മിറ്റിയാണു്. പെയ് റിവിഷൻ കമ്മിറ്റിയിൽ ഗവമ്മെണ്ടിലെ അംഗങ്ങളുമുണ്ടായിരുന്നു. അപ്പോൾ ഇതറിയാം.

മിസ്റ്റർ പി. നാരായണമേനോൻ: ഗവമ്മെണ്ടു് കുറെ ആളുകളുടെ ശമ്പളം പെട്ടെന്നു കൂട്ടിയല്ലൊ. അതു് ഏതുനിലയിൽ ആണു് കൂട്ടിയതു് എന്നുള്ള വിവരം കമ്മിറ്റിയെ അറിയിച്ചിട്ടുണ്ടോ എന്നാണു് ചോദിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോക്കാതെ പറയാൻ തരമില്ല.

മിസ്റ്റർ എം. കെ. രാജ: ശമ്പളപരിഷ്കരണകമ്മിറ്റിയോടാലോചിക്കാതെ, അതിന്റെ റിപ്പോർട്ടു വരുന്നതിന്റെ മുമ്പുതന്നെ എതാനുംപേരുടെ ശമ്പളം പരിഷ്കരിക്കുകയുണ്ടായി എന്നു പറഞ്ഞുവല്ലൊ. കമ്മിറ്റിയുടെ റിപ്പോർട്ടു സമർപ്പിക്കുന്നതുവരെയുള്ള സമയം കാത്തിരിക്കാൻ പാടില്ലാത്തവിധത്തിൽ എന്തു് അടിയന്തരസ്വഭാവമാണു് അതിനുണ്ടായതെന്നു വിശദീകരിക്കാമോ?

Mr. P. Govinda Menon (*Prime Minister*): This is a general question. If a particular question is referred to certainly I shall answer.

മിസ്റ്റർ എം. കെ. രാജ: ഇവക ഉദ്യോഗസ്ഥന്മാരുടെ കായ്യം അത്രവളരെ അടിയന്തരമായതായിരുന്നു എന്നു് ഗവമ്മെണ്ടിനു ബോദ്ധ്യമായിരുന്നോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തീച്ചയായും ബോദ്ധ്യമായിരുന്നു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: വ്യവസായഡയറക്ടർ ആപ്പീസിലെ ഹെഡ്ക്ലാക്കിന്റെ ശമ്പളമെന്താണു്?

റാവുബഹദൂർ ടി. കെ. നായർ: വ ം — ൧൨൫.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതുകൊണ്ടു് അയാൾക്കു വല്ല ഗ്രേഡുമുണ്ടായിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: അങ്ങിനെ ഒരാളുടെകായ്യംചോദിച്ചാൽ മറുപടി പറയാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അയാൾക്ക് അതുകൊണ്ട് ഗുണമില്ലെങ്കിൽ അതിനെപ്പറ്റി ആലോചിച്ച് വേണ്ടതു പ്രവർത്തിക്കാൻ ദയവുണ്ടാകുമോ?

റാവുബഹദൂർ ടി. കെ. നായർ: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ കെ. എസ്. പണിക്കർ: ജനറൽ പെയ്റിവിഷൻകമ്മിറ്റി വച്ചിട്ടും അതിന്റെ റിപ്പോർട്ട് കാത്തിരിക്കാതെ കുറെ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം റിവൈസ്ചെയ്യാൻ കാരണമെന്താണ്?

Mr P. Govinda Menon *(Prime Minister)*: I answered that question to the best of my knowledge.

മിസ്റ്റർ കെ. എസ്. പണിക്കർ: ജനറൽ പെയ്റിവിഷൻ കമ്മിറ്റിയുടെ പര്യാലോചന പൂർത്തിയാക്കുന്നതിന്നുമുമ്പ് അസിസ്റ്റൻറ് സപ്ലൈ ഓഫീസരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ട ആവശ്യമെന്തായിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അസിസ്റ്റൻറ് സപ്ലൈ ഓഫീസരുടെ ശമ്പളം, അവരുടെ പ്രവർത്തിയുടെഗൌരവവും ഭാരവുമനുസരിച്ചും തക്കതായിട്ടുള്ളതല്ലായെന്നു തോന്നിയതുകൊണ്ട് അന്നത്തെ ഫുഡ് മിനിസ്റ്റർ ശുപാർശചെയ്തനുസരിച്ചും ഗവർമ്മെണ്ട് അങ്ങിനെ ചെയ്തതാണ്.

മിസ്റ്റർ കെ.എസ്. പണിക്കർ: ഇൻകംടാക്സ് ഡിപ്പാർട്ട്മെണ്ടിലേയും കായ്വും ഇങ്ങിനെതന്നെയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: A. S. O.-ന് അവരുടെ ശമ്പളത്തിന്റെ ൫ ശതമാനം അലവൻസ്കൂടി കൊടുക്കുന്നില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കുറച്ചുകാലമുണ്ടായിരുന്നു. പെയ് റിവൈസ്സ് ചെയ്തതോടുകൂടി അതു നിർത്തി.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പോലീസ് കോൺസ്റ്റബിൾമാർക്ക് ൧൫ രൂപയായിരുന്നതു ൧൭ രൂപയാക്കി എന്നാണ് ഇതിൽ കാണുന്നതു്. ഇതു മുമ്പുണ്ടായിരുന്നതല്ലേ?

മിസ്റ്റർ കെ. എസ്. രാഘവൻ: അതു പെയ്റിവിഷൻവരുന്നതിന്നുമുമ്പു കൂട്ടിയതാണ്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എല്ലാവരുടേയും പെയ് റിവൈസുചെയ്യുന്ന ഈ സമയത്തു് ഈ സാധുക്കൾക്ക് ജീവിക്കുവാനുള്ള വക കൊടുക്കുമോ?

മിസ്റ്റർ കെ. എസ്. രാഘവൻ: അവരുടേയും ശമ്പളം കൂട്ടീട്ടുണ്ട്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എത്രരൂപയാണ് അവർക്ക് കൂട്ടിയിരിക്കുന്നതു്?

മിസ്റ്റർ കെ. എസ്. രാഘവൻ: ൫ ൦, ൫-൫, ൫ ൪ ഇങ്ങിനെയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഇതിൽ റിവൈസ്ഡ് ഗ്രേഡായികാണുന്നതു് ൧൫ എന്നുള്ളതു് ൧൭ ആക്കിയെന്നാണല്ലൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനുള്ള കാരണം, പെയ്റിവഷനെക്കുറിച്ചുള്ള ചോദ്യമല്ല ചോദിച്ചിരുന്നതു്. അതുകൊണ്ടാണ് റിവിഷൻ അനുസരിച്ചു കൂട്ടിയ തുക ഇവിടെ കാണിക്കാതിരുന്നതു്.

മിസ്റ്റർ കെ.എസ്. പണിക്കർ: പെയ്റിവിഷൻ കമ്മിറ്റിയുടെ നിർദ്ദേശം വരുന്നതിനുമുമ്പ് റിവൈസുചെയ്തിട്ടുള്ളവരിൽ വല്ലവരുടേയും ശമ്പളം കമ്മിറ്റിയുടെ നിർദ്ദേശത്തിനുശേഷം റിവൈസുചെയ്തിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇങ്ങിനെ ചോദിച്ചാൽ പറയാൻ പ്രയാസമാണ്. ബഹുമാനപ്പെട്ടമെമ്പർ ഏതെങ്കിലും ഒരു കായ്വും പ്രത്യേകമെടുത്തു് ചൂണ്ടിക്കാണിക്കുകയാണെങ്കിൽ അതിനുത്തരംപറയാൻ ശ്രമിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: അപ്പൻറിക്സ് I-ൽ "For giving adequate chances of promotion considering the increased responsibilities." എന്നു പറഞ്ഞിട്ടുണ്ട്. ഇതു് അവർക്ക് പ്രമോഷൻകിട്ടാനുള്ള ചാൻസാണോ?

Mr President: I may remind all the Hon'ble Members that there is an adjournment motion to be discussed in the afternoon.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്. പണിക്കർ: മൂസിയം സൂപ്രണ്ടിന് വ്യ ൦ - ക്ക ൦ ൦ ഉണ്ടായിരുന്ന ശമ്പളം ക്ക ൦ ൦ - ക്ക ൫ ൦ ആക്കിയതു് ജനറൽ റിവിഷനിൽ എത്ര ഉദ്യോഗിക യാക്കിയിട്ടുണ്ടു്?

മിസ്റ്റർ കെ. എസ്. രാഘവൻ: ക്ക ൫ ൦ - ക്ക ൫ ൦ ഗ്രേഡ്.

POLICE ENQUIRY—COLLEGE DISTURBANCES

48. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമൊ.—

(എ) കോളേജിൽ ആഗസ്റ്റ് ക്ക ൪ - ം ക്ക൯ - ം തിയ്യതികളിലുണ്ടായ സംഭവങ്ങളെപ്പറ്റി പോലീസ്സ് അന്വേഷണം നടത്തുന്നുണ്ടൊ;

(ബി) ഇല്ലെങ്കിൽ ഏതു തിയ്യതിയിലെ സംഭവത്തെപ്പറ്റിയാണു് അന്വേഷണം നടത്തുന്നതു്;

(സി) ഈ അന്വേഷണം പൂർത്തിയാക്കി അവർ റിപ്പോർട്ട് സമർപ്പിച്ചുവോ;

(ഡി) ഈ റിപ്പോർട്ടിനെ ആസ്പദമാക്കി പോലീസ്സ് നടപടി തുടരുമോ, അതൊ വേണ്ടന്നു വെക്കുമോ?

റാവുബഹദൂർ ടി. കെ. നായർ:

(എ) ഉണ്ടു്.

(ബി) ആഗസ്റ്റ് ക്ക ൪ - ം ക്ക൯ - ം തിയ്യതികളിലുണ്ടായ സംഭവങ്ങളെപ്പറ്റി.

(സി) ഇല്ല.

(ഡി) 'സി'യുടെ മറുപടികൊണ്ടു് ഇതിനു മറുപടി ആവശ്യമില്ല.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഈ സംഭവം നടന്നിട്ടു് ഉദ്ദേശം രണ്ടുമാസമായി. എന്നിട്ടു് ഇതേവരെയും, പോലീസ്സു് അന്വേഷണം പൂർത്തിയാക്കാതിരിക്കുന്നതിനു വല്ല കാരണവുമുണ്ടൊ?

റാവുബഹദൂർ ടി. കെ. നായർ: പല സാക്ഷികളേയും ഇതിനു് ഉണ്ടാക്കേണ്ടതുണ്ടാകും. സാക്ഷികളെകിട്ടാൻ വളരെ ബുദ്ധിമുട്ടുണ്ടു്. ന്യായമായ ഒരു തീരുമാനമുണ്ടാക്കണമെന്ന ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്നതുകൊണ്ടു് നേരിടുന്ന താമസമാണു്. അല്ലാതെ മനഃപൂർവ്വം വരുത്തുന്ന താമസമല്ല.

മിസ്റ്റർ പി. കെ. ഡീവർ: കുട്ടികളുടെ കേസു സിൻറിക്കേറ്റിന്റെ പരിശോധനയിൽ ഇരിക്കുന്നതുകൊണ്ടു് അതിനു തടസ്ഥമുണ്ടാകരുതു് എന്നുവിചാരിച്ചാണോ ഈ റിപ്പോർട്ടു് ഗവൺമെണ്ടു് നീട്ടിക്കൊണ്ടുപോകുന്നതു്?

റാവുബഹദൂർ ടി. കെ. നായർ: ആ വിചാരംകൊണ്ടല്ല. പോലീസ്സുനടപടി ശരിയായി നടത്തുന്നതുകൊണ്ടുള്ള താമസമാണു്.

"GROWING MORE FOOD"—SCHEME REGARDING

49. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) have the Government got at present any scheme for "Growing More Food"

(*b*) if so, what are the plans?

Mr. C. R. Iyyunni *(Minister for Food and Revenue)*:

(*a*) Yes.

(*b*) The following are the plans.—

1. Undertaking new irrigation schemes like the Chalakkudi and Peechi and extension of the Puthur and Poomala irrigation. These schemes will bring considerable area under irrigation for the cultivation of paddy.

2. Extension of the Lift Irrigation Scheme. This will enable additional paddy crops to be taken in single crop lands with the aid of engines and pumps wherever there are facilities for lift irrigation. This work will be undertaken both by the Public Works and Panchayat Departments.

3. Bringing new areas of Reserve Forests under paddy cultivation. This is proposed in areas adjoining the Chalakkudi-Anamalai road. The areas are Vaisseri Kandam (850 acres), Kannamkuzhi (700 acres) and Kollathirumadu (1,000 acres).

4. Intensification of production in the existing paddy lands (a) by manuring with concentrates and (b) by using high yielding strains of seeds.

LIBRARY ARCHIVES Kerala Legislative Assembly